## തൃക്കടാരിപ്പൊയിൽ - ഇടുമ്പ-കണ്ണമം റോഡ് നിർമ്മാണം

386 (1471) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണം റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതി അന്തിമ വിധി പ്രസ്താവിച്ചതാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിധി പ്രകാരം റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മുഖേന എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണം എപ്പോൾ പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ - ഇടുമ്പ - കണ്ണം റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട C.A.No.6086/2015@ SLP(C) No.19380/2014 നമ്പർ കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി 14-8-2015-ന് അന്തിമവിധി പുറപ്പെടുവിച്ചു.

(ബി) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് പ്രകാരം ഒഴിവാക്കി പൊയ്വാളള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 26-11-2015-ൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ അംഗീകരിച്ചിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുളള നടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് നോർത്ത് സർക്കിൾ നിരത്തുകളും പാലങ്ങളും വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി)ടെണ്ടർ ചെയ്ത്, കരാർ ഉടമ്പടി ഒപ്പുവച്ച് കരാറുകാരിൽ നിന്നുളള പ്രവൃത്തി പൂർത്തീകരിക്കുന്നതിനുളള നടപടി സ്വീകരിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 1077, 1101, 1108, 1157, 1225, 1248, 1258, 1274, 1278, 1287, 1309, 1350 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly